# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3993** **12.12.2018-ൽ മറുപടിക്ക്**

**കോതമംഗലം താലൂക്ക് ആശുപത്രി വികസന പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോതമംഗലം താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും, ഇതിനു വേണ്ടി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | 2017-18 സാമ്പത്തിക വർഷത്തിൽ 'മേജർ കൺസ്ട്രക്ഷൻ വർക്ക് അണ്ടർ ഡിഎച്ച്എസ്' എന്ന പദ്ധതിയിൻ കീഴിൽ 14 താലൂക്ക് തല ആശുപത്രികളിൽ രോഗീ സൗഹൃദ ആശുപത്രി സംവിധാനം സൃഷ്ടിക്കുന്നതിനായി 24/03/2018-ൽ സ.ഉ.(സാധാ) നം.997/2018/ ആ.കു.വ പ്രകാരം '4210-01-110-74 (P)' എന്ന ശീർഷകത്തിൽ കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിയ്ക്ക് 2,18,44,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>2018-19 സാമ്പത്തിക വർഷത്തിൽ രോഗീ സൗഹൃദ ആശുപത്രി സംവിധാനം സൃഷ്ടിക്കൽ എന്ന പദ്ധതിയ്ക്ക് 13/11/2018-ൽ സ.ഉ.(സാധാ) നം.3347/2018/ആ.കു.വ പ്രകാരം 2210-01-110-09 എന്ന ശീർഷകത്തിൽ 1,93,26,654/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളതെന്നും, എത്ര തുക വീതമാണ് ഒരോ പ്രവൃത്തിക്കും വകയിരുത്തിയിട്ടുള്ളതെന്നും ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് വേണ്ട ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | 24/03/2018-ലെ സ.ഉ.(സാധാ) നം.997/2018/ആ.കു.വ പ്രകാരം സിവിൽ & ഇലക്ട്രിക്കൽ വർക്കുകൾക്ക് 1,90,00,000/- രൂപയും, സിഗ്നേജസ് & പിഎ സിസ്റ്റം സ്ഥാപിക്കുന്നതിന് 5,00,000/- രൂപയും, രോഗികൾക്കായുള്ള ഇരിപ്പിട സൗകര്യം, എയർപോർട്ട് ചെയർ, വാട്ടർ പ്യൂരിഫയർ, ഓഫീസ് ഫർണീച്ചർ എന്നിവയ്ക്ക് 13,44,000/- രൂപയും, കണ്ടിജൻസി ചിലവുകൾക്ക് 10,00,000/- രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. തുക എൻ.എച്ച്.എം.-നാണ് കൈമാറിയിട്ടുള്ളത്.<br>13/11/2018-ലെ സ.ഉ.(സാധാ) നം.3347/2018/ആ.കു.വ പ്രകാരം സിവിൽ & ഇലക്ട്രിക്കൽ വർക്കുകൾക്ക് 1,76,82,654/- രൂപയും, സിഗ്നേജസ് & പിഎ സിസ്റ്റം സ്ഥാപിക്കുന്നതിന് 3,00,000/- രൂപയും, രോഗികൾക്കായുള്ള ഇരിപ്പിട സൗകര്യം, ഓഫീസ് ഫർണീച്ചർ, എയർ കണ്ടീഷനിംഗ് എന്നിവയ്ക്ക് 13,44,000/- രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെങ്കിലും ഏജൻസി വഴിയാണോ നടപ്പിലാക്കുന്നത്; എങ്കിൽ ഏജൻസികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (സി) | ഈ പ്രവൃത്തികൾ എൻ.എച്ച്.എം. മുഖേനയാണ് നടപ്പിലാക്കുന്നത്. |
| (ഡി) | കോതമംഗലം താലൂക്ക് ആശുപത്രി വികസനത്തിനായി ഏതെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | 2018-19 സാമ്പത്തിക വർഷത്തിൽ പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**